നം.കെഎസ്എ-കെടിഎം.പി-15/1657/2017 തീയതി : 22.11.2017

# കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.02.2017 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 17.10.2017ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു.,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.10.2017 മുതൽ 17.10.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. നടരാജൻ പി. ബി. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി മേരി ആൻഡ്രൂസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി സൈന തോമസ് | 01.04.2016 മുതൽ 11.02.2017 വരെ |
| | ശ്രീമതി അച്ചാമ്മ മാത്യു | 12.02.2017 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.പി.കെ.വിശ്വൻ | 01.04.2016 മുതൽ 10.06.2016 വരെ |
| | ശ്രീ.അനീസ് ജി. | 11.06.2016 മുതൽ 31.03.2017 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| സി.ഡി.പി.ഒ | ശ്രീമതി.ജെസ്സി മാമ്മൻ | 01.04.2016 മുതൽ 31.03.2017 വരെ |
| എ.ഇ.ഇ | ശ്രീ.പി.പ്രസാദ് | 01.04.2016 മുതൽ 12.11.2016 വരെ |
| | ശ്രീ. വിജയൻ റ്റി.ജി. | 13.11.2016 മുതൽ 30.03.2017 വരെ |
| എസ്.സി.ഡി.ഒ | ശ്രീ.സജു ജേക്കബ് | 01.04.2016 മുതൽ 31.03.2017 വരെ |
| എ.ഡി.(അഗ്രി) | ശ്രീമതി മാഗി മറീന | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഡി.ഇ.ഒ | ശ്രീ.പി.എ.മാത്യു | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ഓമന കെ.കെ. | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | ആഭ്യന്തരനിയന്ത്രണം |
| 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സി.എച്ച്.സി.പുനരുദ്ധാരണം – പദ്ധതി നിർവ്വഹണം ആവശ്യാധിഷ്ഠിതമോ മുൻഗണനാക്രമം അനുസരിച്ചോ അല്ല |
| 3-2 | ചെത്തിമറ്റം കുടിവെള്ള പദ്ധതി – നടപടിക്രമങ്ങളിലെ വീഴ്ചകൾ |
| 3-3 | സാംസ്കാരികനിലയങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ – പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ |
| 3-4 | പഠനമുറിക്കും അനുബന്ധ ഫർണിച്ചറിനും ധനസഹായം-പ്രോജക്ട് നിർവഹണത്തിലെ അപാകത |

| | |
|---|---|
| 3-5 | സി.എച്ച്.സി.മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ – അപാകതകൾ |
| 3-6 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-7 | വിവിധ പദ്ധതികൾക്ക് വിഹിതം നൽകൽ – വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 21.03.16 ലെ 1-ാം നം തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 25-10-2016ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ (+) | കുറവ് (-) | |
| മുന്നിരിപ്പ് | 9616000 | 52469898 | 42853898(+) | | 445(+) |
| വരവ് | 246550500 | 62505724 | 184044776(-) | | 294(-) |
| ആകെ | 256166500 | 114975622 | 141190878(-) | | 122(-) |
| ചെലവ് | 246015300 | 71233167 | 174782133 | | 245(-) |
| നീക്കിയിരിപ്പ് | 10151200 | 43742455 | 33591255(+) | | 331(+) |

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 ലെ വ്യവസ്ഥകൾക്ക് വിധേയമായി യാഥാർത്ഥ്യബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 7.6.2017 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|
| 2016-17 | 17-10-2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യപത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 52469898* |
| വരവ് | 62505724- |
| ആകെ | 114975622- |
| ചെലവ് | 71233167- |
| നീക്കിയിരിപ്പ് | 43742455- |

* 2015-16 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നീക്കിയിരിപ്പ് 52471546/- രൂപയാണ്. എസ്.ബി.റ്റി.യിലുള്ള ഐ.എ.വൈ.അക്കൗണ്ടിന്റെ 2015-16 വാർഷികധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 2016-17 ലെ മുന്നിരിപ്പുമായി പൊരുത്തപ്പെടാത്തതാണ് വ്യത്യാസത്തിന് കാരണം. വ്യത്യാസം അപാകതയായി 2-1-ൽ

ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | അലോട്ട്മെന്റ് നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 23786694 | 23786694 | 19367293* | 441940 | 81 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 9563733 | 9563733 | 7739913 | 1829820 | 81 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 294708 | 294708 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3702189 | 3702189 | 3435714 | 266475 | 92 |

*ഐ.കെ.എം.പത്രിക പ്രകാരമുള്ള ചെലവ് 1,88,87,293/- രൂപയും വാർഷിക പത്രിക പ്രകാരമുള്ള ചെലവ് 1,93,67,293/- രൂപയുമാണെന്ന് കാണുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

2016-17 ലെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി മെംബർ സെക്രട്ടറിയുടെ 20-5-2016 ലെ 490/16/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകാരം നല്കി. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 65 | 60671073 (+6689967 മെയി. ഗ്രാന്റ്) | 37 | 30689397 (+3435714 മെയി. ഗ്രാന്റ്) | 22 | 6 | 42 |

വാർഷിക പദ്ധതിയുടെ രൂപീകരണ/നിർവഹണ നടപടിക്രമങ്ങളിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന നേട്ടങ്ങൾ/അപാകതകൾ എന്നിവ ചുവടെ ചേർക്കുന്നു.

നേട്ടങ്ങൾ

ചെത്തിമറ്റം കുടിവെള്ള പദ്ധതി: 433328-രൂപ മുടക്കി വാകത്താനം പഞ്ചായത്തിന്റെ x ാം വാർഡിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കുടിവെള്ള പദ്ധതി നിരവധി കുടുംബങ്ങൾക്ക് പ്രയോജനകരമാണ്. സമൃദ്ധമായി ജലസ്രോതസ്സും നല്ല രീതിയിൽ നിർമിച്ചിരിക്കുന്ന ജലസംഭരണിയും പദ്ധതി നിർവഹണത്തിലെ മികവിന്റെ ഉദാഹരണമാണ്.

അപാകതകൾ

സി.എച്ച്.സി.യിൽ ആവശ്യമായ മരുന്നുകൾക്ക് മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ ഓരോ വർഷവും

മുൻകൂറായി പണമടയ്ക്കുന്നുണ്ടെങ്കിലും മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ അവശ്യ സന്ദർഭങ്ങളിൽ അത്യാവശ്യമായ മരുന്നുകൾ പോലും സ്റ്റോക്കിൽ ഇല്ലാതെ വരുന്നു.

## 1-7 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെട്ട വീഴ്ചകൾ ചുവടെ ചേർക്കുന്നു.

- കണ്ടിജന്റ് ചെലവുകളുടെ സാംഖ്യാ രസീതുകൾ അതാതു വൗച്ചറുകൾക്കൊപ്പം വയ്ക്കുകയോ വൗച്ചറുകൾ ക്രമമായി അടുക്കി ബൈന്റു ചെയ്തു സൂക്ഷിക്കുകയോ ചെയ്യുന്നില്ല.
- ബിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.തന്മൂലം പരിശോധനയ്ക്ക് ലഭ്യമാക്കിയ വൗച്ചറുകളിലുൾപ്പെട്ട ചെലവുകൾ മാത്രമാണോ തൻവർഷം നടത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
- പഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾക്കായി നടത്തുന്ന വാങ്ങലുകൾക്ക് (ഫർണീച്ചർ, കംപ്യൂട്ടർ അനുബന്ധ സാധനങ്ങൾ, ഓഫീസ് സ്റ്റേഷണറി മുതലായവ) പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാങ്ങലുകളുടെ വിതരണം, നീക്കിയിരിപ്പ് തുടങ്ങിയ വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ക്ഷമത കൈവരിച്ച് ആഭ്യന്തരനിയന്ത്രണം മെച്ചപ്പെടുത്തേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-02-2017 - 26-02-2017 | 2015-16 | 104/P.A/KTM/16 dtd28-04-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-01-2016 - 02-02-2016 | 01-08-2013 - 31-12-15 | OA(HQ)III/III12/ 15-16 dtd.01-03-16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികക്കണക്കുകളുടെ അവലോകനം

മാടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രിക, ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 20/06/17ലെ II (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 60887492 രൂപയും ചെലവ് 59650587 രൂപയുമാണ്. തൻവർഷ പ്രവർത്തനമിച്ചം 1236905 രൂപയാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) 114975622/- രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 71233127/-രൂപയുമാണ്. 31.03.2017 ലെ നീക്കിയിരിപ്പ് 43742455/- രൂപയുമാണ്. ധനകാര്യ പത്രിക പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 2015-16 വർഷത്തെ വാർഷികധനകാര്യപത്രിക പ്രകാരം എസ്.ബി.റ്റി യിലുള്ള ഐ.എ.വൈ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക 915838/- രൂപയും 2016-17 വർഷത്തെ ടി അക്കൗണ്ടിലെ മുൻബാക്കി 914190/- രൂപയുമാണ്. ഈ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

2) B-11(a) ഷെഡ്യൂളിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി കാണിച്ചിരിക്കുന്ന തുക കൃത്യമല്ല.

3) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തൻവർഷം ഡെപ്പോസിറ്റ് ചെയ്ത 1121000/- രൂപ B-18 ഷെഡ്യൂളിൽ

ഉൾപ്പെടുത്തിയിട്ടില്ല.

4) അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിലുള്ള തുകയുടെ കൃത്യത വ്യക്തമല്ല.

5) ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ലാത്തതിനാൽ B-18 ഷെഡ്യൂളിലെ തുകയുടെ കൃത്യത വ്യക്തമല്ല

6) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
7) ആസ്തി ബാധ്യതകളുടെ കൃത്യമായ മൂല്യനിർണ്ണയം നടത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സി.എച്ച്.സി.പുനരുദ്ധാരണം - പദ്ധതി നിർവ്വഹണം ആവശ്യാധിഷ്ഠിതമോ മുൻഗണനാക്രമം അനുസരിച്ചോ അല്ല

2015-16, 2016-17 എന്നീ വർഷങ്ങളിൽ സ്പിൽഓവർ പദ്ധതികൾ ഉൾപ്പെടെ 4 പദ്ധതികളിലായി ആകെ 56,61,147/- രൂപ താഴെ വിവരിക്കുംപ്രകാരം ചെലവഴിച്ചിട്ടുണ്ട്.

2015-16 ലെ പദ്ധതികൾ

എ) പദ്ധതിയുടെ പേര് - വാകത്താനം സി.എച്ച്.സി.യുടെ പുനരദ്ധാരണവും ചുറ്റുമതിൽ നിർമ്മാണവും

പ്രോജക്ട് നം. - 52/15-16

അടങ്കൽ - 28,13,350/- രൂപ

(വികസന ഫണ്ട് - 8,13,350/-

മെയിന്റനൻസ് ഗ്രാന്റ് - 20,00,000/-)

ചെലവ് - 17,94,520/- (MGR)

ബിൽ നം. - 13/15-16 തീയതി 30.01.16

എം.ബുക്ക് - 22/15-16 & 46/15-16

കരാറുകാരൻ - എ.എസ്.ജോസഫ്

ബി) പദ്ധതിയുടെ പേര്- വാകത്താനം സി.എച്ച്.സി.യുടെ ഒ.പി.യുടെയും പഴയ കെട്ടിടത്തിലെ അഭയ കേന്ദ്രത്തിന്റെയും പുനരുദ്ധാരണം

പ്രോജക്ട് നം. - 45/15-16

അടങ്കൽ - 29,09,355/-

ചെലവ് - 1,27,057/-

ബിൽ നം. - 35/15-15 തീയതി 28.3.16

എം.ബുക്ക് - 19/15-16, 25/15-16, 26/15-16

കരാറുകാരൻ - എ.എസ്.ജോസഫ്

2016-17 ലെ പദ്ധതികൾ

എ) വാകത്താനം സി.എച്ച്.സി.യുടെ പുനരദ്ധാരണം - ചുറ്റുമതിൽ നിർമ്മാണം

പ്രോജക്റ്റ് നം. - 14/16-17

അടങ്കൽ - 10,18,330/-

(വികസന ഫണ്ട് - 8,13,350/-

മെയിന്റനൻസ് ഗ്രാന്റ് - 2,05,480/-)

ചെലവ് - 10,08,233/-

(വികസന ഫണ്ട് - 8,13,350/-

മെയിന്റനൻസ് ഗ്രാന്റ് - 1,94,883/-)

ബിൽ നം.. - 12/16-17/29.3.17 & 11/16-17/29.03.17

കരാറുകാരൻ - എ.എസ്.ജോസഫ്

എം.ബുക്ക് നം. - 22/15-16, 46/15-16

ബി) വാകത്താനം സി.എച്ച്.സി.യുടെ ഒ.പി.യുടെയും പഴയ കെട്ടിടത്തിന്റെ പുനരുദ്ധാരണം

പ്രോജക്റ്റ് നം. - 70/16-17

അടങ്കൽ - 27,82,298/- (MGR)

ചെലവ് - 27,31,337/- (MGR)

കരാറുകാരൻ - എ.എസ്.ജോസഫ്

എം.ബുക്ക് - 19/15-16, 25/15-16, 26/15-16

ബിൽ നം. - 13/16-17 തീയതി 29.3.17

17.10.17-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ഓവർസീയറുടെയും സാന്നിദ്ധ്യത്തിൽ വാകത്താനം സി.എച്ച്.സി.യിൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. അവ ചുവടെ ചേർക്കുന്നു.

1) മാസ്റ്റർ പ്ലാനില്ലാതെയും മുൻഗണനാക്രമം പരിഗണിക്കാതെയുമുള്ള പദ്ധതി ആസൂത്രണഫലം കണ്ടില്ല

മാസ്റ്റർ പ്ലാൻ ഇല്ലാതെയും മുൻഗണനാക്രമം പരിഗണിക്കാതെയും എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയ പ്രവൃത്തിയിലെ പലഇനങ്ങളും ആശുപത്രിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുവാൻ പര്യാപ്തമല്ല. മേൽ വിവരിച്ചിട്ടുള്ള പദ്ധതികളിൽ ക്രമ നം.1-ൽ അനുബന്ധം B ശീർഷകം 28 ആയി 14,45,345/- രൂപ ചെലവിട്ട് 605 ച.മീ. അലുമിനിയം ക്ലാഡർ പാനലിംഗ് നിർവ്വഹിച്ചിട്ടുണ്ട്. മുൻഗണനാക്രമം പരിഗണിക്കുമ്പോൾ ഓഫീസ് പ്രവർത്തനത്തിനുപോലും സൗകര്യമില്ലാത്ത സി.എച്ച്.സി.യിൽ പ്രത്യക്ഷത്തിൽ യാതൊരു പ്രയോജനവുമില്ലെന്നു മാത്രമല്ല പാനലിംഗ് പൊളിഞ്ഞ് മഴവെള്ളം വാർഡിലേക്ക് പതിച്ച് രോഗികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുകയും ചെയ്യുന്ന സ്ഥിതിയിലാണ്.

2) അഭയകേന്ദ്രത്തിന്റെ നിർമ്മാണം - ലക്ഷ്യം വ്യക്തമല്ല

2016-17 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി (ക്രമ നം4. ഇനം APPA/6) 12 ലക്ഷത്തിലധികം രൂപ ചെലവിട്ട് ഇരുമ്പുളണിൽ 50 അടി നീളത്തിലും 20 അടി വീതിയിലും 18 അടി പൊക്കത്തിലും അഭയകേന്ദ്രം എന്ന നാമധേയത്തിൽ ഒരു ഇരുമ്പുക്യാബിൻ നിർമ്മാണം നടത്തിയിട്ടുണ്ട്. നാളിതുവരെ യാതൊരു ലക്ഷ്യത്തിനും ഇത് ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. പക്ഷികളുടെ വിസർജ്ജ്യം കൊണ്ടുനിറഞ്ഞ പ്രസ്തുത

നിർമ്മാണം ഇരുമ്പെടുത്ത് ഇടങ്ങിയിട്ടുള്ളതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

3) <u>കെട്ടിടങ്ങൾ പൂർത്തിയാക്കി ഉപയോഗപ്രദമാക്കാത്തതും നിർമ്മാണത്തിന് ഗുണമേന്മയില്ലാത്തതും</u>

പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ള 2 കെട്ടിടങ്ങൾ (മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്) പലതും പൂർത്തിയാക്കി ഉപയോഗിയ്ക്കാത്ത സ്ഥിതിയിലാണ്. അതുപോലെ കരിങ്കല്ലുപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന ചുറ്റുമതിലിന്റെ ഡ്രൈപാക്കിംഗ്, ഗുണമേന്മ വ്യക്തമാക്കുന്നില്ല. കരിങ്കല്ലുകൾക്കിടയിൽ കാണുന്ന ഒട്ടേറെ വിള്ളലുകൾ ഭാവിയിൽ കരിങ്കൽ കെട്ടിന്റെ നിലനിൽപ്പ് അപകടത്തിലാക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. അതുപോലെ 4 ലക്ഷത്തോളം രൂപ ചെലവിട്ട് നിർമ്മിച്ചിരിക്കുന്ന അലൂമിനിയം റൂഫ് മഴ സമയത്ത് ചോർന്നൊലിക്കുന്ന സ്ഥിതിയിലുമാണ്.

4) <u>പൊളിച്ചുമാറ്റിയ സാധനസാമഗ്രികൾ ലേലം ചെയ്തിട്ടില്ല</u>

പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി നിലവിലുള്ള മേൽക്കൂര പൊളിച്ചുമാറ്റി അലൂമിനിയം ട്രഫോർഡ് ഷീറ്റ് മേഞ്ഞിട്ടുണ്ട്. എന്നാൽ ഡിസ്മാന്റിൽ ചെയ്ത പഴയ സാധനസാമഗ്രികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല. അവയ്ക്ക് താഴെ വിവരിയ്ക്കും പ്രകാരം 105768 രൂപ ബുക്കുമൂല്യം വരുന്നതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

| Number of Quantity | Description of Articles | Rate | Amount |
|---|---|---|---|
| 4600 Nos | Mangalore Pattern Tiles | 12.00 Each | 55,200 |
| 160 Nos | Mangalore Pattern Tiles | 30.00 Each | 4,800 |
| 27 ച.മീ | A/c roofing sheet | 188 ച.മീ. | 5,076 |
| 37.2 മീ. | 40 | 220 മീ. | 8,184 |
| 80.80 മീ. | 32 | 180 മീ. | 14,544 |
| 27 മീ. | 80 | 460 മീ. | 12,420 |
| 36 ച.മീ. | Aluminium sheet | 55കി.ഗ്രാം | 5,544 |
| ആകെ | | | 1,05,768.00 |

ചുരുക്കത്തിൽ 50 ലക്ഷത്തിലധികം രൂപയോളം ചെലവിട്ട് നടത്തിയ പദ്ധതി പ്രവർത്തനം യഥാർത്ഥ ആവശ്യങ്ങൾ വിലയിരുത്തിയുള്ളതായിരുന്നില്ല. ആകയാൽ ഭാവിയിൽ ആസ്തികളുടെ നിർമ്മാണം/പുനരുദ്ധാരണ പ്രവൃത്തികൾ പദ്ധതിപ്പണം ചെലവഴിയ്ക്കൽ പ്രക്രിയയായി മാത്രം മാറ്റാതെ ആവശ്യാധിഷ്ഠിതമാക്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-2 <u>ചെത്തിമറ്റം കുടിവെള്ള പദ്ധതി - നടപടിക്രമങ്ങളിലെ വീഴ്ചകൾ</u>

പദ്ധതിയുടെ പേര് - ചെത്തിമറ്റം കുടിവെള്ള പദ്ധതി, വാകത്താനം

അടങ്കൽ - 5,00,000/- (വികസന ഫണ്ട് - 4,50,000/-

ഗുണഭോക്തൃവിഹിതം - 50,000/-)

കോൺട്രാക്ടർ - അജി ജോസഫ്

അളവു പുസ്തകം - 27/16-17

ചെലവു വിവരം - 4,33,328/- (കരാറുകാരൻ - 4,07,329/-

ബിൽ നം. 15/16-17 തീയതി 29.03.2017

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 10-ാം വാർഡിൽ സന്നദ്ധ പ്രവർത്തകരുടെ ശ്രമ ഫലമായി വീട്ടു നിർമ്മിച്ചു നൽകി താമസിപ്പിച്ചിരിക്കുന്ന 11 കുടുംബാംഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്തു നടപ്പിലാക്കിയ പദ്ധതിയാണ് ചെത്തിമറ്റം കുടിവെള്ള പദ്ധതി. ടി പദ്ധതിയ്ക്ക് 05.02.16 ലെ 495/AEE/MDPLY/15-16ാം നമ്പരായി സാങ്കേതികാനുമതിയും ലഭിച്ചു. ടി പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെ പ്രതിപാദിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. <u>ഗുണഭോക്തൃ വിഹിതം പദ്ധതി ചെലവിൽ ഉൾപ്പെട്ടിട്ടില്ല – വിസകന ഫണ്ടിൽ നിന്നും അധിക ചെലവ്</u>

പദ്ധതി രേഖയുടെ ധനകാര്യവിശകലനത്തിൽ ഉൾപ്പെടുത്തിയ പ്രകാരം 50,000/- രൂപ ഗുണഭോക്തൃവിഹിതം സ്വീകരിക്കുകയും ആയത് പഞ്ചായത്ത് ഫണ്ടിൽ വരവു ചേർക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി ചെലവായ 4,33,328/- രൂപ പൂർണ്ണമായും വികസന ഫണ്ടിൽ നിന്നാണ് ചെലവിട്ടിട്ടുള്ളത്. പദ്ധതിയ്ക്കായി ചെലവഴിക്കേണ്ടിയിരുന്ന ഗുണഭോക്തൃ വിഹിതം പൂർണ്ണമായി ചെലവഴിച്ചശേഷം ശേഷിക്കുന്ന തുക മാത്രം (433328 – 50000 = 383328) വികസനഫണ്ടിൽ നിന്നും ചെലവിടേണ്ടിയിരുന്നു. ഈ സാഹചര്യത്തിൽ 50,000/- രൂപയുടെ അധിക ചെലവ് വികസന ഫണ്ടിൽ നിന്നും സംഭവിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6) തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കുവാനുള്ളതാണെന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എസ്കിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2. <u>കുടിവെള്ള പദ്ധതി സ്ഥിതി ചെയ്യുന്ന സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലായതിന്റെ രേഖകൾ ലഭ്യമല്ല</u>

ചങ്ങനാശ്ശേരി താലൂക്കിൽ തോട്ടയ്ക്കാട് വില്ലേജിൽ ഉൾപ്പെട്ട ബ്ലോക്ക് 13 സർവ്വേ 200/5/2-ൽ പ്പെട്ട റ്റോമി സി.വാടയിൽ വക 4659-ാം നമ്പർ തണ്ടേപ്പേരിൽ ഉൾപ്പെട്ട ½ സെന്റ് സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകുന്നതിന് ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫാറം എ റൂൾ 3 ൽ ഉടമസ്ഥൻ 3.7.15ൽ അപേക്ഷ നൽകിയിട്ടുണ്ട്. ഈ അപേക്ഷയും അനുബന്ധ രേഖകളും 16.07.15-ൽ തുടർ നടപടികൾക്കായി കോട്ടയം ആർ.ഡി.ഒ. തോട്ടയ്ക്കാട് വിലിലേജ് ഓഫീസർക്ക് കൈമാറിയിട്ടുണ്ടെങ്കിലും (നം.സി.4174/2014 തീയതി 16.07.15 നം.കത്ത്) സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതിയിലായതിന്റെ രേഖകളില്ല. സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ പേരിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. <u>ഗുണഭോക്തൃസമിതി രൂപീകരിച്ച് നടത്തിപ്പവകാശം കൈമാറിയിട്ടില്ല</u>

കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ഗുണഭോക്തൃ സമിതി രൂപീകരിച്ച് കരാർ ചമച്ച് ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

## 3-3 <u>സാംസ്കാരികനിലയങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ -പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ</u>

2016-17 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഇടപ്പള്ളി, മുതലപ്ര എന്നീ സാംസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ (പ്രോജക്ട് നം.62/17)എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

അടങ്കൽ- 484000/-(വികസനഫണ്ട് എസ്.സി.പി)

ചെലവ് - 479523/-(ബിൽനം.15/16-17,തീ. 13.01.2017)

1.സിഡ്കോയിൽ നിന്നും 100 കസേരയും 83മേശയും വാങ്ങിയിട്ടുണ്ട്. എന്നാൽ സിഡ്കോയുമായി കരാറിലേർപ്പെട്ടിട്ടില്ല.

2.സാധനങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സാധനങ്ങൾ ലഭിച്ച തീയതി വ്യക്തമല്ല. ഫർണിച്ചറുകൾക്ക് സ്റ്റോക്ക് നമ്പർ നൽകി വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

3.ഫർണിച്ചർ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. Issued to ഇടപ്പള്ളി, മുതലപ്ര സാംസ്കാരിക നിലയം എന്ന് മാത്രം രേഖപ്പെടുത്തി കാണുന്നു. ആർക്ക് നൽകി, ഓരോ സാംസ്കാരിക നിലയത്തിനും എത്ര എണ്ണം വീതം നൽകി, നൽകിയ തീയതി മുതലായ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4.പ്രോജക്റ്റിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

5.സിഡ്കോയുടെ 27.02.2016ലെ SSEKTM0318--ാം നം. ഇൻവോയിസ് പ്രകാരം ഫർണിച്ചർ സപ്ലൈ ചെയ്തതായി കാണുന്നു. എന്നാൽ ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന പതിനൊന്നാം വാർഡ് മെമ്പറുടെ കത്ത് പ്രകാരം 22.06.2017 ൽ 83 മേശയും 100 കസേരയും (പ്രോജക്ട് പ്രകാരം വാങ്ങിയ ഫർണിച്ചർ) സെക്രട്ടറിയിൽ നിന്നും കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു.ഈ സാഹചര്യത്തിൽ മുതലപ്ര സെറ്റിൽമെന്റ് കോളനി കൺവീനർ 50 മേശ സെക്രട്ടറിയിൽ നിന്നും കൈപ്പറ്റിയത് (16.08.2017ലെ കത്ത്) എപ്രകാരമെന്ന് വ്യക്തമല്ല. ഫർണിച്ചർ സപ്ലൈ ചെയ്തതിന് ശേഷം വിതരണം ചെയ്യാൻ പതിനാറ് മാസം കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമല്ല.

6.സാംസ്കാരികനിലയങ്ങൾ എത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് വ്യക്തമല്ല. സാംസ്കാരിക നിലയങ്ങളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത ഇനത്തിന് തുക ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.5) മറുപടി തൃപ്തികരമല്ല.
സ്ഥലപരിശോധന നടത്തിയതിൽ മുതലപ്ര സാംസ്കാരികനിലയത്തിൽ 50 മേശകൾ അടുക്കിവച്ചിരിക്കുന്നതായും ഇടപ്പള്ളി സാംസ്കാരികനിലയത്തിൽ 10 മേശകളും 75 കസേരകളും ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ 20 മേശകളും ഉള്ളതായും ബോധ്യപ്പെട്ടു. 24 കസേരകൾ കുടുംബശ്രീ യോഗം കൂടുന്നതിന് ഉപയോഗിക്കുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ കുടുംബശ്രീ യോഗസ്ഥലത്തേയ്ക്ക് നൽകിയതായി പറയുന്ന കസേരകൾ ആരെങ്കിലും കൈപ്പറ്റുകയോ ഇത് സംബന്ധിച്ച രേഖകൾ സാംസ്കാരിക നിലയത്തിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഒരു കസേരയുടെയും മൂന്ന് മേശയുടെയും വിവരം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അവയ്ക്ക് ചെലവഴിച്ച തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. സാംസ്കാരികനിലയങ്ങൾക്ക് വേണ്ടി വാങ്ങിയ ഫർണിച്ചറുകൾ നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 പഠനമുറിക്കും അനുബന്ധഫർണിച്ചറിനും ധനസഹായം- പ്രോജക്ട് നിർവഹണത്തിലെ അപാകത

2016-17 വർഷം പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുമായി (പ്രോജക്ട് നം.71/17) ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഈ പ്രോജക്ട് പ്രകാരം 11 പേർക്ക് ധനസഹായം നല്കുന്നതിന് 970000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ധനസഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണവകുപ്പിന്റെ 15.02.2016 ലെ സ.ഉ.(സാധാ) നം.626/2016/തസ്വഭവ പ്രകാരമുള്ള സ്പഷ്ടീകരണം 01.03.2017 കോർഡിനേഷൻ കമ്മറ്റിയുടെ 9-ാം നം തീരുമാനം എന്നിവ പ്രകാരമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല. പഠനമുറി നിർമ്മിക്കുന്നതിനുള്ള അവസാനഗഡു ധനസഹായം ഓവർസിയർ പരിശോധിച്ച് നൽകുന്ന മൂല്യനിർണ്ണയസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ

നൽകാനാണ് നിർദേശിച്ചിരിക്കുന്നത്. എന്നാൽ ഈ പ്രോജക്ട് പ്രകാരം ധനസഹായം നൽകിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റില്ലാതെ തന്നെ അവസാനഗഡു നൽകിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക |
|---|---|---|
| 1 | ജയശ്രീ സുരേഷ് കുമാർ | 100000/- |
| 2 | രേശ്മ കുഞ്ഞുമോൻ | 100000/- |
| 3 | വിദ്യമോൾ തമ്പി | 100000/- |
| 4 | ജീവൻ ശശിമോൻ | 100000/- |
| 5 | മഹേഷ് മോഹനൻ | 100000/- |
| 6 | അഖിൽ കെ.കെ | 90000/- |
| 7 | ശ്രീദേവി നടേശൻ | 100000/- |
| ആകെ | | 690000 |

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.3) മറുപടി തൃപ്തികരമല്ല.
2..ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ പഠനമുറി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

| ക്രമ നം. | പേര് | നല്കിയ തുക |
|---|---|---|
| 1 | അപർണ ഷാജി | 50000/- |
| 2 | അഖിൽ കെ ശശി | 30000/- |

ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ 2 ഗുണഭോക്താക്കളും സമയബന്ധിതമായി പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ പഠനമുറി പൂർത്തീകരിച്ചതിന്റെ / സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശം പാലിക്കാത്തതിനാൽ 7,70,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 സി.എച്ച്.സി.മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ- അപാകതകൾ

3-5-1) വാകത്താനം സി.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ-മരുന്ന് മുഴുവനും ലഭ്യമായില്ല
പ്രോ.നം.45/17 - ചെലവ് : 400000-
ബിൽ നം .2/16-17 തീയതി 14.12.16 (2,00,000 രൂപ)
ബിൽ നം. 4/16-17 തീയതി 19.01.17 (2,00,000 രൂപ)

മേൽ പദ്ധതി പ്രകാരം തൻവർഷം 400000/-രൂപ മെഡിക്കൽ സർവ്വീസ് കോർപറേഷനിൽ അടച്ചിരുന്നെങ്കിലും ഓഡിറ്റ് തീയതി വരെ 387072/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കിയുള്ള 12928/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബാക്കി മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

3-5-2) പാലിയേറ്റീവ് കെയർ - വാഹനം ഓടിയതിന്റെ ചെലവ് പ്ലാൻഫണ്ടിൽ നിന്നും പിൻവലിച്ച് എച്ച്.എം.സി.ഫണ്ടിൽ നിക്ഷേപിച്ചു
പാലിയേറ്റീവ് കെയർ - 44/2016
അടങ്കൽ - 3,00,000/- (ജനറൽ)
1,59,350/- ബിൽ നം.1/16-17 /29.10.16
54,590/- ബിൽ നം.3/16-17/09.01.17
86,160/- ബിൽ നം. 5/16-17/22.03.17

തൻവർഷം സി.എച്ച്.സിയ്ക്ക് ലഭിച്ച ആംബുലൻസ് പാലിയേറ്റീവ് കെയർ പദ്ധതിക്കായി ഓടിയ വകയിൽ ഓരോ ദിവസവും 1250/-രൂപ നിരക്കിൽ പ്ലാൻഫണ്ടിൽ നിന്നും പിൻവലിച്ച് എച്ച്.എം.സി ഫണ്ടിൽ അടച്ചതായി കാണുന്നു. സ.ഉ.(സാധാ)നം.3217/2015തസ്വഭവ തീയതി 29.10.2015 2.6.5 (2)ലെ നിബന്ധനകൾ പ്രകാരം ആംബുലൻസ് സർവ്വീസിനു സൗജന്യമായി ലഭിക്കുന്ന വാഹനം പാലിയേറ്റീവ് കെയർ പദ്ധതി ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്. എന്നാൽ എച്ച്.എം.സി.യുടെ പാസ്ബുക്ക് പരിശോധിച്ചതിൽ പാലിയേറ്റീവ് കെയറിനായി വാഹനം ഓടിയ ദിവസങ്ങളിൽ @1250/- 16-12-2016ൽ 57500/-, 31-01-2017ൽ 30000/-, 22-03-2-17ൽ 45000/- എന്നിങ്ങനെ ആകെ 132500/-രൂപ പ്ലാൻഫണ്ടിൽ നിന്നും പിൻവലിച്ച് എച്ച്.എം.സി ഫണ്ടിൽ അടച്ചിട്ടുണ്ട്. ഇതു സർക്കാർ മാർഗ്ഗരേഖയ്ക്കു വിരുദ്ധമാണ്. 2017-18 വർഷവും ഈ കീഴ്വഴക്കം തുടർന്നു വരുന്നതായി ബോധ്യമായി.

മേൽ വിവരിച്ച പ്രകാരം സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പ്ലാൻഫണ്ടിൽ നിന്നും പിൻവലിച്ച 1,32,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി തുക തിരികെ പ്ലാൻഫണ്ടിൽ അടച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

3-5-3) ഇതര ആവശ്യങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിപാലനത്തിലുള്ള വാഹനം ഓടുന്നതിന്റെ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയായിരിക്കെ സി.എച്ച്.സി.യുടെ വാഹനം മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന്റെ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. പൊതുജനങ്ങളുടെ ആവശ്യങ്ങൾക്കായി ആംബുലൻസ് സർവ്വീസ് നടത്തുന്നതിന് ലഭിക്കുന്ന തുക (ഓരോ ഓട്ടത്തിനും 750-രൂപ നിരക്കിൽ) എച്ച്.എം.സിയുടെ പേരിലുള്ള അസ്സലും ഡ്യൂപ്ലിക്കേറ്റും ഉൾപ്പെടുന്ന രസീതുകൾ നൽകി വരുന്നില്ല. പകരം കേവലം കൈപ്പറ്റു രസീതുകളാണ് നൽകുന്നത്. ഇതു ക്രമപ്രകാരമല്ല. ആംബുലൻസ് സർവ്വീസ് മുഖാന്തിരം വരവു വരുന്ന തുക ഡബിൾ സൈഡഡ് കാർബണുള്ള രസീതുകൾ പ്രകാരം പിരിച്ച് പഞ്ചായത്തിന്റെ അനുമതിയോടുകൂടി എച്ച്.എം.സി. ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-6 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2016-17 വർഷം ഐ.എ.വൈ ഭവനനിർമ്മാണപദ്ധതിയിലുൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെട്ട 18 ഗുണഭോക്താക്കളിൽ 14 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി. നാളിതുവരെ നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പേര് | നൽകിയ ധനസഹായം |
|---|---|---|
| 1 | സാംകുട്ടി മോസസ് | 176000/- |
| 2 | ചെല്ലപ്പൻ സുജാത | 156000/- |
| 3 | കൃഷ്ണകുമാരി | 176000/- |
| 4 | തങ്കമ്മ തങ്കപ്പൻ | 246000/- |

ഈ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-7 വിവിധ പദ്ധതികൾക്ക് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

3-7-1) വിവിധ പദ്ധതികൾക്കായി സി.ഡി.പി.ഒ നിർവഹണാധികാരിയായി ബ്ലോക്ക് വിഹിതം നല്കിയതിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം. | വിശദാംശങ്ങൾ | തുക | ബിൽ നം./ |
|---|---|---|---|

| | | | |
|---|---|---|---|
| | | | തീയതി |
| 37/17 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1500000- | 1/16-17 തീ. 23-01-17 |
| 82/17 | അങ്കണവാടികൾക്ക് സ്നേഹം കിടക്ക നല്കുന്ന പദ്ധതി | 300000- | 3/16-17 തീ. 28-3-17 |
| 83/17 | തൃക്കൊടിത്താനം പഞ്ചായത്തിൽ പകൽവീട്ടു നിർമാണം പദ്ധതി | 242528- | 2/16-17 തീ. 28-3-17 |
| | ആകെ | 2042528 | |

മേൽ പദ്ധതികളുടെ നടത്തിപ്പ്/പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 2042528-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-7-2) 2016-17 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം.പേര് | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ബിൽനം/ഡി .ഡി നം |
|---|---|---|---|---|
| 1 | 53/16-17, വാകത്താനം പഞ്ചായത്തിലെ 1,2,3,4,13,17,18,19,20 എന്നീ വാർഡുകളിൽ കുഴൽകിണർ നിർമ്മാണം | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 1121000/- | ബിൽ നം.38/16-17 തീ29.03.17 |
| 2 | 78/16-17-കേരള സാമൂഹ്യ സുരക്ഷാ മിഷന് ധന സഹായം | കേരള സാമൂഹ്യ സുരക്ഷാ മിഷൻ | 1000000/- | ബിൽ നം.22/16-17 തീ27.02.17 |
| 3 | 42/16-17 വയോജനങ്ങളെ ഭവനങ്ങളിൽ ചെന്ന് ശുശ്രൂഷിക്കുന്നതിന് ബ്ലോക്ക് വിഹിതം നൽകൽ | തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് | 800000/- | 12/16-17 തീ22.12.17 |
| | | പായിപ്പാട് ഗ്രാമപഞ്ചായത്ത് | 400000/- | 10/16-17 തീ.20.12.17 |
| 4. | 49/16-17 , ഖരമാലിന്യനിർമ്മാർജ്ജനത്തിന് പഞ്ചായത്തിന് വിഹിതം നൽകൽ | വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് | 300000/- | 330574/തീ05.01.17 |
| | ആകെ | | 3621000/- | |

വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ 3621000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വാകത്താനം ഗ്രാമപഞ്ചായത്തിലെ 1,2,3,4,13,18,19,20 വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം | 1121000 | 0 | 1121000 |
| ആകെ | | 1121000- | | 1121000- |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് തൻവർഷം നല്കിയിട്ടില്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | മുതൽ | പലിശ |
| ഐ.എ.വൈ | സ.ഉ(എം.എസ്) 90/13 തീ.14.3.13 | 4875000- | 4875000- | 2000000 | 579850 | 2875000 | 1797000 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-7 | 2010-11 | 2-14 | കേരള വാട്ടർ അതോറിറ്റിക്ക് തുക നിക്ഷേപിച്ചത് - 10,90,354/- (ഡെപ്പോസിറ്റ് വർക്ക്) | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 62505724 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 71233167 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6578956 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 7,70,000 | ശ്രീ.സജു ജേക്കബ്, എസ്.സി.ഡി.ഒ. |
| 3-5-1 | 12,928 | ഡോ.ഓമന കെ.കെ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വാകത്താനം |
| 3-5-2 | 1,32,500 | ഡോ.ഓമന കെ.കെ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വാകത്താനം |
| 3-7-1 | 20,42,528 | ശ്രീമതി ജസ്സി മാമ്മൻ, സി.ഡി.പി.ഒ. |

| | | |
|---|---|---|
| 3-7-2 | 36,21,000 | ശ്രീ.അനീസ് ജി., സെക്രട്ടറി |
| ആകെ | 65,78,956 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13 /5.11.13 | 5 | |
| 1998-99 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13/ 5.11.13 | 5 | |
| 1999-00 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13/ 5.11.13 | 19 | |
| 2000-01 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13/ 5.11.13 | 4 | |
| 2002-03 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13/ 5.11.13 | 4 | |
| 2003-04 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 6 | |
| 2004-05 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 3 | |
| 2005-06 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 3 | |
| 2006-07 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 11 | |
| 2007-08 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 4 | |
| 2008-09 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 2 | |

| | | | |
|---|---|---|---|
| 2009-10 | നം.എൽ.എഫ്.കെ.പി.3/770/13/3.2.14 | 7 | |
| 2010-11 | നം.എൽ.എഫ്.കെ.പി.3/770/13/3.2.14 | 14 | |
| 2011-12 | നം.എൽ.എഫ്.കെ.പി.3/682/13/13.12.13/ 27.12.14 | -- | |
| 2012-13 | നം.എൽ.എഫ്.കെ.പി.3/1384/14/8.7.15 | 7 | |
| 2013-14 | നം.എൽ.എഫ്.കെ.പി.3/1568/14/3.9.15 | 7 | |
| 2014-15 | നം.കെ.എസ്.എ-കെ.ടി.എം.പി3/144/ 2016/29.2.2016 | | |
| 2015-16 | നം.കെ.എസ്.എ-കെ.ടി.എം.പി3/130/2017/ 07.02.2017 | | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എകെ.ടി.എം.പി.15/1657/2017 തീയതി:22.11.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം